# ‘ബൈത്തുസകാത്തിന്റെ കാൽനൂറ്റാണ്ട് ധന്യം, പ്രതീക്ഷാ നിർഭരം’



**അഭിമുഖം**

**അബ്ദുൽഖാദിർ അൽ അജീൽ/പി.കെ ജമാൽ**

**ദീനദയാലുത്വത്തിന്റെ ധന്യമായ ഇരുപത്തഞ്ചാണ്ടുകൾ പൂർത്തിയാക്കുകയാണ് കുവൈത്തിലെ ബൈത്തുസകാത്ത്. സമൂഹത്തിന്റെ അന്തസ്സാർന്ന നിലനിൽപിനും ക്ഷേമപൂർണമായ ജീവിതത്തിനും ദുരിതബാധിതരുടെ പുനരധിവാസത്തിനും സകാത്തും സ്വദഖയും എങ്ങനെ ആസൂത്രിതമായി വിനിയോഗിക്കാമെന്ന് ആധുനികയുഗത്തിന് പ്രയോഗതലത്തിൽ ബോധ്യപ്പെടുത്തിക്കൊടുത്തു എന്നതാണ് ബൈത്തു സകാത്തിന്റെ സവിശേഷത. ലോകത്തിന്റെ നാനാഭാഗങ്ങളിൽ സേവനപ്രവർത്തനങ്ങൾ നടത്തിയും ബൃഹദ്പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയും അനുപമ മാതൃക സൃഷ്ടിച്ച ഈ മഹദ് സ്ഥാപനത്തിന്റെ കാൽനൂറ്റാണ്ട് നീളുന്ന കർമകാണ്ഡം ഇസ്‌ലാമിക സമൂഹത്തെ ബോധ്യപ്പെടുത്തുന്ന ഒരു സത്യമുണ്ട് - ഒരു പകരം നമുക്ക് സാധ്യമാണ്.**

*******

**മാർച്ച് 8 ചൊവ്വ. ബൈത്തുസകാത്ത് ഡയറക്ടർ ജനറൽ അബ്ദുൽഖാദിർ ളാഹി അൽ അജീലിന്റെ ഓഫീസിൽ അന്ന് പതിവിലും തിരക്ക്. കടബാധ്യത, ജയിൽവാസം, രോഗം, ദുരിതം, പ്രാരബ്ധങ്ങൾ എന്നിവയ്ക്കടിപ്പെട്ടു കണ്ണീരും കൈയുമായി കഴിയുന്ന നിസ്സഹായരെ സഹായിക്കാനും പുനരധിവസിപ്പിക്കാനും രാജകുടുംബാംഗവും നാഷനൽ ഗാർഡ് മേധാവിയുമായ ശൈഖ് സാലിമുൽ അലി ഈയിടെ സ്വദഖയായി നൽകിയ 100 മില്യൻ കുവൈത്തി ദീനാറിന്റെ (16 കോടിരൂപ) വിതരണ ചുമതല ബൈത്തുസകാത്തിനാണ്. അതിന്റെ ഉന്നതാധികാര സമിതി കൂടുന്ന ദിവസമായിരുന്നു അന്ന്. മാർച്ച് അവസാനം നടക്കുന്ന അന്താരാഷ്ട്ര സകാത്ത് കോൺഫറൻസിന്റെ സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗും അന്ന് നടക്കുന്നു. നാനാതരം തിരക്കുകൾക്ക് നടുവിലും *പ്രബോധന*ത്തിന് അബ്ദുൽഖാദിർ അജീൽ സമയം അനുവദിച്ചു. ബൈത്തുസകാത്തിന്റെസ്ഥാപനകാലം മുതൽ ഈ പദവിയിൽ തുടരുന്ന അബ്ദുൽ ഖാദിർ അജീലുമായി നിരന്തരസമ്പർക്കങ്ങളിലൂടെ വളർന്ന ഊഷ്മള സ്നേഹം, വ്യക്തിതലത്തിന്നപ്പുറം ആ സ്ഥാപനത്തിന്റെ ശൈശവം തൊട്ടുള്ള ഹൃദയ സ്പന്ദനങ്ങളും ചലനങ്ങളും തൊട്ടറിയാൻ കഴിഞ്ഞത് മഹാഭാഗ്യമായി കരുതുന്നു. ബൈത്തുസകാത്തിന്റെ ബഹുമുഖ പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നു.**

■ *ബൈത്തുസകാത്ത് സ്ഥാപിതമായിട്ട് 25 വർഷം പൂർത്തിയാവുകയാണ്. അതിന്റെ വളർച്ചക്കും വികാസത്തിനും കഠിന പ്രയത്നം നടത്തിയ താങ്കളെ ഈ സന്ദർഭത്തിൽ അനുമോദിക്കുന്നു. കുവൈത്തിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും ബൃഹത്തായ നിരവധി പദ്ധതികൾ പൂർത്തിയാക്കുന്നതിൽ വിജയിച്ച ബൈത്തു സകാത്തിന്റെ സാരഥി എന്ന നിലയിൽ പല ഓർമകളും താങ്കൾക്ക് പങ്ക് വെക്കാനുണ്ടാവും.*

▶ **ഉത്തരം:** വളരെ നന്ദിയും സന്തോഷവുമുണ്ട്. 1982-ൽ ഇവിടെ ഉത്തരവാദിത്വമേറ്റ് കാൽകുത്തിയ കാലം മുതൽ കാണുന്ന ഈ മുഖങ്ങളെ വീണ്ടും വീണ്ടും കാണുന്നതിൽ അളവറ്റ ആനന്ദവുമുണ്ട്. കരുണയിലും സ്നേഹത്തിലും സഹകരണത്തിലും അധിഷ്ഠിതമായ സേവനപ്രവർത്തനങ്ങൾ സാമൂഹിക പ്രതിബദ്ധതയുടെ ഇസ്‌ലാമിക ശാസനകളിൽനിന്ന് ഉറന്നൊഴുകുന്നതാണ്. ജനസേവനത്തിനുള്ള നൈസർഗിക വാസനക്ക് മനുഷ്യോൽപത്തിയോളം പഴക്കമുണ്ട്. മനുഷ്യപ്രകൃതിയിൽ നിലീനമായ ഈ വികാരം പ്രപഞ്ചത്തിന്റെ താളത്തിനും സൗന്ദര്യത്തിനുമൊപ്പം സഞ്ചരിക്കുമ്പോൾ അത് ദൈവഹിതം അറിഞ്ഞുള്ള പ്രവർത്തനത്തിന്റെ പരഭാഗശോഭയാണ്. അത് പരത്തുന്ന വെളിച്ചം മനുഷ്യവർഗത്തിന് അനുഗ്രഹമായി ഭവിക്കുന്നു. അതിവേഗം ചലിക്കുകയും അതിദ്രുതം വികസിക്കുകയും ചെയ്യുന്ന ലോകത്തിനും കാലത്തിനുമൊപ്പം സഞ്ചരിക്കാൻ പാകത്തിൽ ജന്മസിദ്ധമായ ഈ വികാരത്തെയും വാസനയെയും വളർത്തുകയെന്ന ദൗത്യമാണ് നാം ഏറ്റെടുത്തിരിക്കുന്നത്. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വിസ്മയാവഹമായ വളർച്ചക്ക് അനുരോധമായ വിധത്തിൽ നൂതന ആസൂത്രണ-ഭരണ സംവിധാനത്തിന്റെ ഉപകരണങ്ങളും ഉപാധികളും ഉപയോഗിച്ച് ബൈത്തു സകാത്തിന്റെ പ്രവർത്തനങ്ങളെ നവംനവങ്ങളായ മേഖലകളിലേക്ക് വികസിപ്പിക്കാൻ ഞങ്ങൾക്കു സാധിച്ചു. 2008-ൽ അവസാനിക്കുന്ന ചതുർവർഷ സ്ട്രാറ്റജി ഇനി വരുന്ന പത്ത് വർഷത്തിന് ഭദ്രമായ അടിത്തറ പണിയാനും പ്രയാണത്തിന് ഗതിവേഗം കൂട്ടാനും ഉദ്ദേശിച്ചാണ്. സകാത്തും സ്വദഖയും മറ്റ് ദാനധർമങ്ങളും വ്യവസ്ഥാപിതമായി സംഭരിച്ച് കുവൈത്തിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും ശരീഅത്ത് അനുശാസിക്കും വിധം വിനിയോഗിക്കുകയും ജനോപകാര പ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുമ്പോൾ ഇതര ഭൂഭാഗങ്ങളിലും ഇതു പോലുള്ള സംരംഭങ്ങൾക്ക് പ്രചോദനമായിത്തീരുമെന്ന വിശ്വാസം ഞങ്ങൾക്കുണ്ട്. ഇസ്‌ലാമിക സമ്പദ് വ്യവസ്ഥയുടെ സുന്ദര രൂപം ലോക സമക്ഷം സമർപ്പിക്കാനും ഇതുമൂലം കഴിയും. തുടക്കത്തിൽ വിരലിൽ എണ്ണാവുന്ന ഉദ്യോഗസ്ഥരും ഡിപ്പാർട്ടുമെന്റുകളുമാണുണ്ടായിരുന്നത്. ഇന്ന് നൂറുകണക്കിൽ ഉദ്യോഗസ്ഥരും നിരവധി വകുപ്പുകളും ഉപവകുപ്പു

കളുമുള്ള വലിയ സ്ഥാപനമായി വളര്‍ന്ന് വികസിച്ചു. സ്ത്രീകള്‍ക്ക് പ്രത്യേക ഡിപ്പാര്‍ട്ടുമെന്റ് പ്രവര്‍ത്തിക്കുന്നു. സകാത്തും സ്വദഖയും സംഭാവനകളും പ്രോജക്ടുകളും നല്‍കുന്ന സ്ത്രീക ളുണ്ട്. സൗകര്യത്തിനുവേണ്ടിയാണ് പ്രത്യേക വകുപ്പുതന്നെ ഉണ്ടായത്. ഇന്നിപ്പോള്‍ ബൈത്തുസകാത്ത് സമുച്ചയം സന്ദര്‍ശിക്കുന്ന ഒരു വ്യക്തിക്ക് തീര്‍ച്ചയായും ഇസ്‌ലാമിക സമ്പദ് വ്യവസ്ഥയുടെ അവിഭാജ്യഘടകമായ സകാത്തിന്റെയും സ്വദഖയുടെയും അതിവിപുലവും മഹത്തരവുമായ അര്‍ഥതലങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചുമുള്ള ബോധവും അഭിമാനവുമുണ്ടാകും, തീര്‍ച്ച. അല്ലാഹുവിന് സ്തുതി.

■ *ഭാവിയെകുറിച്ച സ്വപ്നങ്ങളും കാഴ്ചപ്പാടുകളും?*

▶ പ്രാദേശിക തലത്തിലും ആഗോളതലത്തിലും സകാത്ത്-സ്വദഖ മേഖലകളില്‍ വേറിട്ടതും വിശിഷ്ടവുമായ സേവനങ്ങള്‍ക്കും മാതൃക സൃഷ്ടിക്കുക എന്നതാണ് സ്വപ്നം. ഏറ്റവും ഉയര്‍ന്ന നിലവാരത്തില്‍ സകാത്ത്-സ്വദഖ സ്രോതസ്സുകള്‍ വളര്‍ത്തുകയും വികസിപ്പിക്കുകയും ചെയ്ത് ജനങ്ങള്‍ക്ക് ഏറെ പ്രയോജനകരമായ തലങ്ങളില്‍ വിനിയോഗിക്കുകയെന്ന ശ്രമസാധ്യമായ ദൗത്യ വിജയത്തിന് ചില നയങ്ങളും നിലപാടുകളും ഞങ്ങള്‍ സ്വീകരിച്ചിട്ടുണ്ട്. വരുമാന സ്രോതസ്സുകളുടെ വൈവിധ്യവല്‍ക്കരണം, പുതിയ സ്രോതസ്സുകള്‍ കണ്ടെത്തുക, ശരീഅത്തിന്റെ ചട്ടക്കൂട്ടില്‍ ഒതുങ്ങിനിന്ന് നിക്ഷേപ സമാഹരണം നടത്തുകയും പ്രത്യുല്‍പാദന മേഖലകളില്‍ വിനിയോഗിച്ച് വരുമാനം വര്‍ധിപ്പിക്കുകയും ചെയ്യുക, അന്താരാഷ്ട്രതലത്തില്‍ നടപ്പാക്കുന്ന പദ്ധതികള്‍ വിശ്വസനീയ കേന്ദ്രങ്ങള്‍ മുഖേനയാണെന്ന് ഉറപ്പുവരുത്തുക, സാമ്പത്തികവും ഭരണപരവുമായ സര്‍വ പ്രവര്‍ത്തനങ്ങളും കര്‍ശന നിരീക്ഷണങ്ങള്‍ക്കും പരിശോധനകള്‍ക്കും വിധേയമാക്കി സുതാര്യത ഉറപ്പുവരുത്തുക, നടപടിക്രമങ്ങളും പ്രവര്‍ത്തന രീതികളും ആധുനിക മാനേജ്മെന്റ് രീതികള്‍ അനുശാസിക്കും വിധം നവീകരിക്കുക. സമൂഹത്തിന്റെ സര്‍വതലങ്ങളിലേക്കും സേവനം വ്യാപിപ്പിക്കുക, സകാത്തുമായി ബന്ധപ്പെട്ട സെമിനാറുകള്‍, കോണ്‍ഫറന്‍സുകള്‍, അക്കാദമിക ചര്‍ച്ചകള്‍ എന്നിവയിലൂടെ നവീന വീക്ഷണങ്ങള്‍ സ്വാംശീകരിക്കുക തുടങ്ങി പലതും ചെയ്ത് തീര്‍ക്കാനുണ്ട്.

■ *വരുമാന സ്രോതസ്സുകള്‍ ഏതൊക്കെയാണ്? ഏതൊക്കെ തലങ്ങളില്‍ വിനിയോഗിച്ചു?*

## നടപ്പാക്കിയ പ്രോജക്ടുകള്‍

ലോകത്തിന്റെ നാനാഭാഗങ്ങളില്‍ കഴിഞ്ഞ കാല്‍നൂറ്റാണ്ടിനിടയില്‍ 3305 പ്രോജക്ടുകള്‍ ബൈത്തുസ്സകാത്ത് നടപ്പാക്കുകയുണ്ടായി.

| | |
|---|---|
| ഹോസ്പിറ്റലുകള്‍, ക്ലിനിക്കുകള്‍, ഹെല്‍ത്ത് സെന്ററുകള്‍ | 89 |
| ഇസ്‌ലാമിക് സെന്ററുകള്‍ | 198 |
| പാവങ്ങള്‍ക്ക് പാര്‍പ്പിടങ്ങള്‍ | 182 |
| കിണറുകള്‍, ജലസേചനസംവിധാനം | 1125 |
| പുനരധിവാസ കേന്ദ്രങ്ങള്‍ | 33 |
| അനാഥാലയങ്ങള്‍ 77 | |
| സ്കൂളുകള്‍, കോളേജുകള്‍, ഇന്‍സ്റ്റിറ്റ്യൂട്ടുകള്‍, തൊഴില്‍ പരിശീലന കേന്ദ്രങ്ങള്‍ | 218 |
| പള്ളികള്‍ | 1294 |
| വ്യവസായ പദ്ധതികളും നിക്ഷേപങ്ങളും | 88 |
| ദത്തെടുത്ത് സംരക്ഷിക്കുന്ന അനാഥര്‍ | 21000 |
| സ്കോളര്‍ഷിപ്പ് പദ്ധതി ഉപയോഗപ്പെടുത്തിയ വിദ്യാര്‍ഥികള്‍ | 615 |
| അന്താരാഷ്ട്ര സകാത്ത് കോണ്‍ഫറന്‍സ് | 15 |
| സകാത്ത് ബോധവല്‍ക്കരണ ശില്‍പശാലകള്‍ | 16 |
| ഇന്‍ഹൗസ് ട്രെയ്നിംഗ് ക്യാമ്പ് | 1157 |

▶ കഴിഞ്ഞ കാല്‍ നൂറ്റാണ്ടില്‍ മുപ്പത് കോടി ദീനാറാണ് ഞങ്ങളുടെ വരുമാനം. സകാത്ത്, സ്വദഖ ജാരിയ, ഗവണ്‍മെന്റ് സഹായം, കാഫിലുല്‍ യതീം, പ്രോജക്ടുകള്‍, സ്ഥിരനിക്ഷേപം, ഇഫ്ത്വാര്‍, ഉദ്ഹിയ്യത്ത്, സ്കൂള്‍കിറ്റ്, സ്കോളര്‍ഷിപ്പ് എന്നീ ഇനങ്ങളിലാണ് മുഖ്യവരുമാനം. ബൈത്തുസകാത്ത് സഹായം നല്‍കി 1,02,962 കുടുംബങ്ങളെ സംരക്ഷിച്ചു. ഭക്ഷ്യ പദാര്‍ഥങ്ങളും മരുന്നുകളും വസ്ത്രവും വിതരണം ചെയ്തു. വിദ്യാര്‍ഥികള്‍, രോഗികള്‍, തടവുകാര്‍, കടബാധിതര്‍, അഗതികള്‍ എന്നിവര്‍ക്ക് സഹായമെത്തിച്ചു. ഇഫ്ത്വാര്‍, ഉദ്ഹിയ്യത്ത്, പെരുന്നാള്‍ വസ്ത്രം എന്നിവ കുവൈത്തിനകത്തും പുറത്തും നല്‍കി.

■ *സെപ്റ്റംബര്‍ 11 സംഭവത്തെ തുടര്‍ന്ന് ചാരിറ്റി പ്രവര്‍ത്തനങ്ങള്‍ക്ക് ഏര്‍പ്പെടുത്തിയ നിയന്ത്രണങ്ങള്‍ ബൈത്തുസകാത്തിനെ എങ്ങനെ ബാധിച്ചു?*

▶ ബൈത്തുസകാത്ത് ഒരു സ്വതന്ത്ര ഗവണ്‍മെന്റ് സ്ഥാപനമാണ്. ഒരു സ്വാശ്രയ സ്ഥാപനത്തിന് നിയമപരമായി ലഭിക്കുന്ന സ്വാതന്ത്ര്യത്തിന്റെ വരുതിയില്‍ നിന്നുകൊണ്ട് വിശാലമായ ഭൂമികയില്‍ പ്രവര്‍ത്തിക്കാന്‍ ഞങ്ങള്‍ക്ക് കഴിയുന്നു. ഗവണ്‍മെന്റ് സ്ഥാപനം എന്ന നിലക്ക് ഔദ്യോഗിക നടപടിക്രമങ്ങളും ചട്ടങ്ങളും നിര്‍ദേശിച്ച തത്വങ്ങളും പാലിക്കപ്പെടേണ്ടതുമുണ്ട്. ഓരോ രാജ്യത്തും ഔദ്യോഗികമായി അംഗീകാരമുള്ളതും വിശ്വാസ്യത ഉറപ്പുവരുത്തിയതുമായ ഏജന്‍സികളും സ്ഥാപനങ്ങളും മുഖേന മാത്രമേ ഞങ്ങള്‍ പദ്ധതികള്‍ നടപ്പാക്കുകയുള്ളൂ. അതിനാല്‍ നിയന്ത്രണങ്ങള്‍ വരുത്താന്‍ ഹേതുവാക്കിയ കാരണങ്ങള്‍ ഞങ്ങളെ സംബന്ധിച്ചേടത്തോളം അപ്രസക്തമാണ്. ബൈത്തുസകാത്തിന്റെ കണക്കുകളും രേഖകളും വിഭവസമാഹരണവും വിനിയോഗ തുറകളും കണിശമായ ഔദ്യോഗിക ഓഡിറ്റിംഗിനും പരിശോധനക്കും വിധേയമാണെന്നതിനാല്‍ അനഭിലഷണീയമോ ഏതെങ്കിലും രാജ്യത്തിനും സമൂഹത്തിനും ദോഷകരമോ ആയ ഒരു തുറയിലും വിനിയോഗിക്കപ്പെടുകയില്ലെന്നുറപ്പാണ്. ഞങ്ങളെ സംബന്ധിച്ച ഈ വിശ്വാസ്യത നിലനില്‍ക്കുന്നതിനാല്‍ ഞങ്ങളെ സകാത്തും സ്വദഖയും സംഭാവനകളും ഏല്‍പിക്കുന്ന വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ എണ്ണത്തില്‍ ഒരു കുറവും ഉണ്ടായിട്ടില്ല.

■ *ഇന്ത്യയെ പോലുള്ള ഒരു ബഹുസ്വര*

*സമൂഹത്തിൽ നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ച് വല്ല മാർഗ നിർദേശവും?*

▶ മനുഷ്യവർഗത്തിനുവേണ്ടി നിയോഗിക്കപ്പെട്ട ഉത്തമസമുദായ മാണ് മുസ്‌ലിംകൾ. ജാതി-കക്ഷി-മത ഭേദമില്ലാതെ എല്ലാ വർക്കും പ്രയോജനകരമായി ജീവിക്കേണ്ടവരാണവർ. ഇസ്‌ലാമിക വ്യവസ്ഥയുടെ സദ്ഫലങ്ങൾ സമൂഹത്തിന് തൊട്ടറിയാൻ ഉതകും വിധമുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. ബൈത്തുസകാത്ത് മുൻകൈയെടുത്ത് ലോകത്തിന്റെ നാനാഭാഗ ങ്ങളിൽ സ്ഥാപിച്ച ആശുപത്രികൾ, ആതുര കേന്ദ്രങ്ങൾ, പുനരധിവാസ സ്ഥാപനങ്ങൾ തുടങ്ങിയവ ഈ ദൗത്യം ഭംഗിയായി നിർവഹിക്കുന്നുണ്ട്. ഇന്ത്യയിൽ ഞങ്ങൾ നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളും ഇന്ത്യയിലെ നാനാജാതി മതസ്ഥരായ ജന സമൂഹമാണ്. ഇസ്‌ലാമിക ദർശനത്തിന്റെ മഹിമയും ഭൂമിയിൽ മുസ്‌ലിം സമൂഹത്തിന്റെ അനിവാര്യതയും വിളംബരം ചെയ്യുന്ന പ്രവർത്തന തുറകൾ കണ്ടെത്തി കർമനിരതമാവുകയാണ് വേണ്ടത്. ഒരു ബഹുസ്വര സമൂഹത്തിൽ പരസ്പരം അറിയാനും മനസ്സിലാക്കാനുമുള്ള അവസരങ്ങൾ ഏറെയാണ്. ഈ അവസരങ്ങൾ ബുദ്ധിപൂർവകമായി ഉപയോഗപ്പെടുത്താനുള്ള നയചാതുരിയും പ്രായോഗിക വീക്ഷണവുമാണ് രംഗത്തുള്ള പ്രസ്ഥാനങ്ങൾക്ക് വേണ്ടത്. ഇങ്ങനെ മുന്നേറിയാൽ ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റുധാരണകൾ ദൂരീകരിക്കപ്പെടും. സ്വന്തത്തിലേക്ക് ചുരുങ്ങാതെ സമൂഹത്തിലേക്ക് വികസിക്കാൻ വ്യക്തികൾക്കും പ്രസ്ഥാന ങ്ങൾക്കും കഴിയണം. അതിനുള്ള വിശാലത ഇസ്‌ലാമിനുണ്ട്. അനുയായികൾക്കും അതുണ്ടാവണം.

■ *ശൈഖ് സാലിമുൽ അലി നൽകിയ സംഭാവന എങ്ങനെ വിനിയോഗിക്കും? കുവൈത്തിൽ നിവസിക്കുന്ന വിദേശികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമോ?*

▶ ആ സംഭാവന കുവൈത്ത് പൗരന്മാർക്ക് വേണ്ടിയാണ്. കുവൈത്തിലും പുറത്തുമുള്ള വിദേശികൾക്ക് ന്യായമായ ആവശ്യ ങ്ങൾക്ക് സഹായം ചെയ്യാൻ ഒരുക്കമാണ്. തക്കതായ രേഖക ളുടെ പിൻബലത്തോടെ വന്ന ആവശ്യങ്ങൾ പരിഗണിച്ചതിന് നിങ്ങൾ തന്നെ സാക്ഷികളാണല്ലോ.

■ *താങ്കൾ പലതവണ കേരളം സന്ദർശിച്ചിട്ടുണ്ട്. കേരളത്തെക്കുറിച്ച് മൊത്തത്തിലും നിങ്ങൾ നടപ്പാക്കിയ പദ്ധതികളെക്കുറിച്ച് വിശേഷിച്ചും എന്താണഭിപ്രായം?*

▶ കേരളം എന്നെ ഏറെ ആകർഷിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്ത ഒരു നാടാണ്. കേരളത്തിന്റെ പ്രകൃതിഭംഗി എടുത്തു പറയേണ്ടതാണ്. എവിടെ നോക്കിയാലും പ്രകൃതിയുടെ ഹരിത ദൃശ്യങ്ങൾ. തിരുവനന്തപുരം മുതൽ വടക്കേയറ്റം വരെ സഞ്ചരിച്ചിട്ടുണ്ട്. അതിൽ വയനാടിന്റെ ദൃശ്യങ്ങൾ മായാതെ മനസ്സിലുണ്ട്. കേരളത്തിലെ ജനങ്ങൾ വിദ്യാസമ്പന്നരും ഉയർന്ന സാംസ്കാരിക നിലവാരം പുലർത്തുന്നവരുമാണ്. ഞങ്ങൾ നടപ്പാക്കിയ നിരവധി പദ്ധതികളിൽ ഞാൻ വളരെ സംതൃപ്തനാണ്. ആശുപത്രികൾ, അനാഥാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പള്ളികൾ, ഭവനങ്ങൾ, സ്വയംതൊഴിൽ പദ്ധതികൾ - ഇങ്ങനെ ചെറുതും വലുതുമായ നിരവധി പദ്ധതികൾ ഞങ്ങൾ നടപ്പാക്കി. അതു ഭംഗിയായി വിജയിപ്പിക്കുന്നതിൽ നിസ്വാർഥരും നിഷ്കളങ്കരും ആത്മാർഥതയുടെ ആൾരൂപങ്ങളുമായ പ്രവർത്തകരുടെ പങ്കാണ് ഞങ്ങളുടെ പങ്കിനേക്കാൾ വലുതായി ഞാൻ കാണുന്നത്. ആ സ്ഥാപനങ്ങളെല്ലാം കാര്യക്ഷമമായി നടക്കുന്നു എന്നറിയുന്ന തിൽ വളരെ സന്തോഷമുണ്ട്. ബൈത്തുസകാത്തിന്റെ സ്ഥാപന കാലം മുതൽ തന്നെ കേരളത്തിലെ പ്രോജക്ടുകൾക്ക് ഞങ്ങൾ നല്ല പരിഗണന നൽകി പോന്നിട്ടുണ്ട്. ഞങ്ങളുടെ അഭിലാഷ ങ്ങൾക്കും ഉദ്ദേശ്യലക്ഷ്യങ്ങൾക്കും ഇണങ്ങുന്ന പ്രോജക്ടുക ളുടെ സമർപ്പണം കേരളത്തിൽനിന്നും നിങ്ങളുടെ നിരന്തരമായ ശ്രദ്ധയും തുടർനടപടികളും ഇവിടെനിന്നും ഒന്നിച്ചായപ്പോൾ കൈവന്ന നേട്ടങ്ങളാണവയെല്ലാം. ഞങ്ങളുടെ ദൗത്യനിർവ ഹണം നിങ്ങൾ എളുപ്പമാക്കി. ■